# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4, Ph : 0487-2384321**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in  Web : www.ksfesa.com**

President
**A.K.Balan MLA**
Mob : 9846361111

General Secretary
**S.Muraleekrishna Pillai**
Mob : 9446538432


**സർക്കുലർ 03/2013**

സഖാക്കളെ, സുഹൃത്തുക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗങ്ങളുടെ യോഗം 4-9-2013 ബുധൻ രാവിലെ 9 മണിക്ക് സി.ഐ.ടി.യു തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു.

**ബോണസ് – ഇൻസെന്റീവ് ചർച്ച**

4-09-2013 രാവിലെ 10.30ന് തിരുവനന്തപുരം ചൈത്രം ഹോട്ടലിൽ വച്ച് ബോണസ്-ഇൻസെന്റീവ് ചർച്ച നടന്നു. ചിട്ടി വ്യവസായത്തിലും ലാഭത്തിലും ഗണ്യമായ വർദ്ധനവാണുണ്ടായതെന്ന് ആമുഖ പ്രസംഗത്തിൽ ചെയർമാനും എം.ഡിയും സൂചിപ്പിച്ചു. ആഗോള സമ്പദ് വ്യവസ്ഥയിൽ സംഭവിച്ചിരിക്കുന്ന അപചയവും രൂപയുടെ മൂല്യ ശോഷണവും ഇന്ത്യൻ സമ്പദ്ഘടനയെ ദോഷകരമായി ബാധിക്കുകയാണെന്നും കെ.എസ്.എഫ്.ഇ പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ ഈ ഭീഷണി മുൻകൂട്ടി കാണണമെന്നും അവർ പറഞ്ഞു. ജി.ഡി.പി 9%ത്തിൽ നിന്നും 5% ന് താഴേക്ക് കൂപ്പുകുത്തിയിരിക്കുന്നു. വൻകിട സ്വകാര്യ ചിട്ടി ഭീമന്മാർ ആസന്ന ഭാവിയിൽ കെ.എസ്.എഫ്.ഇ യുമായി മത്സരിക്കുന്നതിന് ഇറങ്ങി പുറപ്പെടാനുള്ള സാധ്യത ചെയർമാൻ ആവർത്തിച്ചു. പ്രവർത്തനലാഭം വീതിച്ചു നൽകുന്നത് ആശാസ്യമായ പ്രവണതയല്ലെന്നും സ്ഥാപനത്തിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കും ശമ്പള പരിഷ്കരണത്തിനും വലിയ തുക വകയിരുത്തേണ്ടിവരുമെന്നും മാനേജ്മെന്റ് വ്യക്തമാക്കി. മാനേജ്മെന്റ് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2012-13 ലെ പ്രവർത്തന ലാഭം 111 കോടിയും നികുതിചെലവ് 45.57 കോടി രൂപയുമാണ്. എന്നാൽ നികുതിചെലവായ 45.57കോടി രൂപ 147 കോടി രൂപയ്ക്ക് ആനുപാതികമായ തുകയാണ്. മാനേജ്മെന്റിന്റെ കള്ളകണക്കിനെതിരെ സംഘടനകൾ ശക്തമായ പ്രതിഷേധം ഉയർത്തി. തുടർന്ന് പ്രവർത്തനലാഭം 147 കോടി രൂപയാണെന്നും 36 കോടി രൂപ ഇടക്കാലാശ്വാസത്തിനും കിട്ടാക്കടത്തിനും വകയിരുത്തിയതിനു ശേഷമുള്ള തുകയാണ് 111 കോടി രൂപയെന്നുമുള്ള യാഥാർത്ഥ്യം മാനേജ്മെന്റിന് വിശദീകരിക്കേണ്ടിവന്നു.

**സംഘടനയുടെ പ്രതികരണം**

പ്രവർത്തനലാഭം 111 കോടിരൂപയാണെന്ന കണക്ക് അംഗീകരിച്ചാൽപോലും കഴിഞ്ഞ വർഷത്തെക്കാൾ 50.59 കോടി രൂപയുടെ വർദ്ധനവാണ് പ്രവർത്തന ലാഭത്തിൽ ഉണ്ടായിരിക്കുന്നത്. അതായത് 84% വർദ്ധനവ്. കഴിഞ്ഞ വർഷം അലോക്കബിൾ സർപ്ലസ് 15.91 കോടിരൂപയായിരുന്നു. ഇത്തവണ അത് 29.92 കോടിരൂപയായി വർദ്ധിച്ചു. സ്ഥാപനത്തിന്റെ പ്രവർത്തന ലാഭം പൂർണ്ണമായും തൊഴിലാളികൾക്ക് വീതിച്ചു നൽകണമെന്ന ആവശ്യം സ്ഥാപനത്തിലെ ഒരു സംഘടനയും ഉയർത്തിയിട്ടില്ല. രാജ്യത്തെ മുതലാളിമാരുടെ താൽപര്യം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ളതാണ് 1975 ലെ ബോണസ് ആക്ട്. പ്രവർത്തന ലാഭത്തിൽനിന്നും നികുതി-നികുതി ഇതര ചെലവുകളും കിട്ടാക്കടവും കുറച്ചതിനുശേഷമുള്ള തുകയാണ് അലോക്കബിൾ സർപ്ലസ്. അതുകൊണ്ടു തന്നെ 'ലാഭം വീതിച്ചുനൽകുന്നത് ആശാസ്യമല്ല' എന്ന പ്രയോഗം തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് നാം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. കഴിഞ്ഞ വർഷം ഇൻസെന്റീവ് ചർച്ചയിൽ, പെൻഷൻ നടപ്പാക്കുന്നതിന് വൻ ബാദ്ധ്യതയുണ്ടെന്നും അതിനാൽ ഇൻസെന്റീവ് ചർച്ചയിൽ സഹകരിക്കണമെന്നുമുള്ള നിലപാടാണ് മാനേജ്മെന്റ് എടുത്തത്. പിന്നീട് പെൻഷൻ ചർച്ചയിൽ നയാപൈസ പോലും പെൻഷൻ ഫണ്ടിലേക്ക് നൽകില്ലെന്ന നിലപാട് മാനേജ്മെന്റ് സ്വീകരിച്ചതും നാം ഓർമ്മിപ്പിച്ചു. ഇൻസെന്റീവ് ചർച്ച അർത്ഥപൂർണ്ണമാകുന്നതിന് താഴെ കൊടുക്കുന്ന വിവരങ്ങൾ കൂടി നൽകണമെന്ന് നാം ആവശ്യപ്പെട്ടു.

1. കെ.എസ്.എഫ്.ഇയുടെ മൊത്തം വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്ര?
2. കെ.എസ്.എഫ്.ഇയുടെ ബിസിനസ്സ് ടേണോവറിൽ ഉണ്ടായ വർദ്ധനവ് എത്ര?
3. കഴിഞ്ഞ വർഷത്തെ മൊത്തം ശമ്പള ചെലവ് (BP + PP + DA) എത്ര ? വർക്ക്മെൻ, ഓഫീസർ തിരിച്ചുള്ള ചെലവ് വ്യക്തമാക്കുക?
4. കഴിഞ്ഞ വർഷം ഇൻസെന്റീവ് ചർച്ച ചെയ്യുമ്പോൾ 2011-12 ലെ പ്രൊവിഷണൽ പ്രോഫിറ്റ് 60.41കോടി രൂപയായിരുന്നു. 2011-12 ലെ യഥാർത്ഥലാഭം എത്ര?

കേന്ദ്ര-സംസ്ഥാന ജീവനക്കാർക്കും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സിംഗിൾ മാസ്റ്റർ സ്കെയിൽ ഉള്ളപ്പോൾ കെ.എസ്.എഫ്.ഇയിൽ 3 മാസ്റ്റർ സ്കെയിലാണുള്ളത്. ഈ 'asymmetrical pay structure ന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് വിതരണം ചെയ്യുന്നതുമൂലവും ഇൻസെന്റീവ് ശതമാനം കുറഞ്ഞുവരുന്നതുമൂലവും കനത്ത നഷ്ടമാണ് വർക്ക്മെൻ ജീവനക്കാർക്ക് സംഭവിക്കുന്നതെന്ന് നാം ചൂണ്ടിക്കാട്ടി. അതുകൊണ്ട് വർക്ക്മെൻ ജീവനക്കാർക്ക് മിനിമം തുക (PTS-10,000, OA/Driver-15,000, Des Asst/Asst.-18,000) ഉറപ്പാക്കണമെന്നും പരമാവധി പരിധി 50,000 രൂപയായി നിജപ്പെടുത്തണമെന്നും നാം ആവശ്യപ്പെട്ടു. ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്ന മുറയ്ക്ക് ഇൻസെന്റീവിനെക്കുറിച്ചുള്ള സംഘടനയുടെ നിലപാട് ചർച്ചയിൽ പറയുമെന്ന് നമ്മൾ അറിയിച്ചു.

1, 4 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭിച്ചില്ല. ബിസിനസ്സ് ടേണോവർ 14600 കോടിയിൽ നിന്ന് 17500 കോടിയായി ഉയർന്നെന്നും ഇപ്പോൾ അത് 19500 കോടിയിലേക്ക് ഉയർന്നെന്നും അറിയിച്ചു. 2012-13 ലെ ജീവനക്കാരുടെ വർക്ക്മെൻ, ആഫീസർ തിരിച്ചുള്ള ശമ്പളവിവരം നൽകാൻ തുനിഞ്ഞപ്പോൾ തടസ്സപ്പെടുത്താൻ ചില കേന്ദ്രങ്ങളിൽ നിന്നും ശ്രമമുണ്ടായി. എന്നാൽ ഇനംതിരിച്ചുള്ള കണക്കവതരിപ്പിക്കാതെ ചർച്ച മുന്നോട്ടുകൊണ്ടുപോകാൻ സാധ്യമല്ലെന്ന ഉറച്ച നിലപാട് നാം സ്വീകരിച്ചതുകൊണ്ട് കണക്ക് നൽകാൻ മാനേജ്മെന്റ് നിർബന്ധിതമായി. 2012-13ൽ മൊത്തം ശമ്പള ചെലവ് 203.29കോടി രൂപയാണ്. ഇതിൽ 1770 ഓഫീസർമാരുടെ ശമ്പളം 104.71കോടിരൂപയും 3442 വർക്ക്മെൻ ജീവനക്കാരുടെ ശമ്പളം 98.58കോടി രൂപയുമാണ്. തുടർന്ന് ചർച്ച നടന്നു.

ലാഭത്തിലും അലോക്കബിൾ സർപ്ലസിലുമുണ്ടായ റിക്കോർഡ് വർദ്ധനവ് പരിഗണിച്ച് 10% നിരക്കിലെങ്കിലും ഇൻസെന്റീവ് അനുവദിക്കണമെന്ന ആവശ്യമാണ് സംഘടനകൾ കൂട്ടായി ഉയർത്തിയത്. 5 മണിക്കൂറോളം ചർച്ച നടത്തിയെങ്കിലും സമവായം ഉണ്ടായില്ല. ചർച്ചയുടെ അവസാനം കഴിഞ്ഞ വർഷത്തെ ഇൻസെന്റീവ് തുകയായ 12.27 കോടിയിൽ (6.87%) നിന്നും 2.97 കോടി രൂപ ഉയർത്തി 15.24കോടി (7.5%) ഇൻസെന്റീവ് നൽകാമെന്ന് ചെയർമാൻ അറിയിച്ചു. ഇൻസെന്റീവ് തുക വർദ്ധിപ്പിക്കുന്നതിൽ സർക്കാരിന്റെ കർശന നിയന്ത്രണം ഉണ്ടെന്നും 'ഒരു യൂണിയൻ നേതാവിനെ പോലെ' സർക്കാരിനുമുന്നിൽ വാദങ്ങൾ നിരത്തിയാണ് ഇത്രയും തുക അനുവദിപ്പിച്ചതെന്നും ചെയർമാൻ അറിയിച്ചു. ഒരു മാസത്തെ ശമ്പളമെങ്കിലും ഇൻസെന്റീവ് (8.33%) ലഭിക്കണമെന്ന് നാം ആവശ്യപ്പെട്ടു. മറ്റുള്ള സംഘടനകൾ ഇതിനോട് യോജിച്ചു. ഇൻസെന്റീവിൽ മിനിമം തുക ഉറപ്പുവരുത്തണമെന്നുള്ള നമ്മുടെ ശക്തമായ ആവശ്യത്തോട്, മാനേജ്മെന്റ് അർദ്ധമനസ്സോടെ യോജിച്ചു. എന്നാൽ നമ്മുടെ തികച്ചും ന്യായമായ ഈ ആവശ്യത്തെ ശക്തമായി പിന്തുണയ്ക്കാൻ മറ്റുള്ള സംഘടനകൾ തയ്യാറായില്ല. തുടർചർച്ചകൾ ധനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വച്ചാകാമെന്നും മറ്റുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാമെന്നും ധാരണയായി.

**തീരുമാനങ്ങൾ**

**1. ഫെസ്റ്റിവൽ അഡ്വാൻസ്**

താഴെക്കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

| | | |
|---|---|---|
| വർക്ക്മെൻ (പി.ടി.എസ്) | - | 23,000 രൂപ |
| വർക്ക്മെൻ (പി.ടി.എസ് ഒഴികെ) | - | 32,000 രൂപ |
| ഓഫീസർമാർ | - | 36,000 രൂപ |

**2. ബോണസ്**

20% നിരക്കിൽ ബോണസ് നൽകാൻ തീരുമാനിച്ചു. 2012 - 13 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 10,000 രൂപയിൽ കൂടുതൽ ശമ്പളം ലഭിച്ചവർക്ക് ബോണസ് ലഭിക്കുന്നതല്ല. 301 ജീവനക്കാർ ബോണസിന് അർഹരാണ്. 10,000 രൂപയിൽ കുറച്ച് ശമ്പളം വാങ്ങിയ മാസങ്ങളിൽ പ്രതിമാസം 700 രൂപ നിരക്കിൽ ഇവർക്ക് ബോണസ് ലഭിക്കും. കഴിഞ്ഞ വർഷം ബോണസ് നൽകാൻ ചെലവഴിച്ചത് 28 ലക്ഷം

രൂപയാണ്. ഇത്തവണ ബോണസ് നൽകാൻ 19 ലക്ഷം രൂപ മതിയാകും. സംസ്ഥാന സർവ്വീസിൽ 16,050 രൂപ വരെ ശമ്പളം ഉള്ളവർക്ക് ബോണസ് നൽകുന്നുണ്ട്. എന്നാൽ കേന്ദ്രഗവൺമെന്റ് ബോണസ് ആക്ട് ഭേദഗതി വരുത്താത്തതിനാലാണ് നമ്മുടെ വലിയൊരു വിഭാഗം ജീവനക്കാർക്ക് ബോണസ് ലഭിക്കാത്തത്. ബോണസ് പരിധി ഉയർത്തണം എന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ഫെബ്രുവരി 20, 21 തീയതികളിൽ രാഷ്ട്രീയ ഭേദമന്യെ തൊഴിലാളി സംഘടനകൾ ഒരു കൊടിക്കീഴിൽ പണിമുടക്കിയ ശേഷവും നയം തിരുത്താൻ കേന്ദ്ര സർക്കാർ തയ്യാറായിട്ടില്ല.

**3. ഫെസ്റ്റിവൽ അലവൻസ്**

ബോണസിന് അർഹതയില്ലാത്ത ജീവനക്കാർക്ക് 2200 രൂപയും റിട്ടയർ ചെയ്ത ജീവനക്കാർക്ക് 1500 രൂപയും ഫെസ്റ്റിവൽ അലവൻസ് ലഭിക്കും. 31-3-2013ന് ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് ഫെസ്റ്റിവൽ അലവൻസും തത്തുല്യമായ തുക ഇൻസെന്റീവ് ലഭിക്കും.

**4. പെർഫോർമൻസ് ഇൻസെന്റീവ്**

അന്നേദിവസം വൈകിട്ട് 4.30 ന് ധനമന്ത്രി ശ്രീ.കെ.എം.മാണിയുടെ ഔദ്യോഗിക വസതിയിൽ ചർച്ച തുടർന്നു. സി.ഐ.ടി.യു സംസ്ഥാന ഭാരവാഹി യോഗം നടക്കുന്നതിനാൽ മാനേജ്മെന്റുമായുള്ള ചർച്ചയിൽ നമ്മുടെ പ്രസിഡന്റ് പങ്കെടുത്തില്ല. എന്നാൽ ചർച്ചയിലുടനീളം സഖാവ് ടെലഫോണിലൂടെ നമുക്ക് നിർദ്ദേശങ്ങൾ നൽകികൊണ്ടിരുന്നു. മാനേജ്മെന്റുമായും ധനമന്ത്രിയുടെ ഓഫീസുമായും സഖാവ് ബന്ധപ്പെടുകയും നമ്മുടെ ആവശ്യം ശക്തമായി ഉയർത്തുകയും ചെയ്തു. മാനേജ്മെന്റും സംഘടനാപ്രതിനിധികളും മന്ത്രിയുടെ വസതിയിൽ എത്തുന്നതിനു വളരെ മുമ്പുതന്നെ സഖാവ് മന്ത്രിയുടെ വസതിയിൽ എത്തുകയും മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ നമ്മുടെ പ്രസിഡന്റിനെ കൂടാതെ FEEA പ്രസിഡന്റ് ശ്രീ.ബെന്നി ബഹനാൻ എം.എൽ.എ, OU വർക്കിംഗ് പ്രസിഡന്റ് സ: അഡ്വ.ആർ.രാഘവൻപിള്ള, ചെയർമാൻ, എം.ഡി സംഘടനാ ജനറൽസെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു. ഇൻസെന്റീവ് 7.75% നൽകാൻ തീരുമാനമായി. 15.75 കോടിരൂപ ഇൻസെന്റീവായി വിതരണം ചെയ്യും. ഇതിൽ 8.01കോടി രൂപ ഓഫീസർമാർക്കും 7.74കോടി രൂപ വർക്ക്മെനും ലഭിക്കും.

വർക്ക്മെൻ വിഭാഗത്തിന് മിനിമം തുക ഉറപ്പാക്കണമെന്ന ആവശ്യം അംഗീകരിക്കാത്ത മാനേജ്മെന്റ്, പരമാവധിപരിധി എടുത്തുകളഞ്ഞുള്ള കരാറാണ് തയ്യാറാക്കിയത്. നാം ഇതിനെ ശക്തമായി എതിർത്തു. FEEA യും നമ്മോടു യോജിച്ചു. തുടർന്ന് 93700 രൂപ എന്ന 'പരിഹാസ്യമായ' പരിധി വയ്ക്കാൻ മാനേജ്മെന്റ് തയ്യാറായി. 26.5% ബോണസ് നൽകിയ ബിവറേജസ് കോർപ്പറേഷനിൽ പരമാവധി പരിധി 60,000 രൂപയാണെന്നത് ശ്രദ്ധേയമാണ്.

ജീവനക്കാർക്കെതിരെ, പ്രത്യേകിച്ചും വർക്ക്മെൻ ജീവനക്കാർക്കെതിരെയുള്ള മാനേജ്മെന്റ് സമീപനത്തിനെതിരായി വിപുലമായ തൊഴിലാളി വർഗ ഐക്യം രൂപപ്പെടേണ്ട സാഹചര്യം സ്ഥാപനത്തിൽ സംജാതമാകുകയാണ്. ഇത് തിരിച്ചറിയാൻ ഇനിയും വൈകിയാൽ നാം കനത്ത വിലനൽകേണ്ടി വരും. വർഗ്ഗ ഐക്യം ശക്തിപ്പെടുത്തി മുന്നോട്ടുപോകേണ്ടതുണ്ട്. ജീവനക്കാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കി വർഗ്ഗ ഐക്യം തകർക്കാനുള്ള മാനേജ്മെന്റ് ശ്രമം വിജയിക്കാൻ പാടില്ല. സാഹചര്യം വിലയിരുത്തി ഐക്യത്തോടെ പ്രവർത്തിക്കണമെന്ന് എല്ലാവിഭാഗം ജീവനക്കാരോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

**5. ബോണസ് – ഇൻസെന്റീവ് ലെവി**

മുൻകാലങ്ങളിലെ പോലെ 3% നിരക്കിൽ അംഗങ്ങളിൽ നിന്നും ബോണസ് - ഇൻസെന്റീവ് ലെവി പിരിച്ചെടുക്കാൻ തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവി ബാധകമല്ല. ബോണസ് തുകയിൽ നിന്ന് 2200 രൂപ കഴിഞ്ഞുള്ള തുകയ്ക്കാണ് ബോണസ് ലെവി കണക്കാക്കേണ്ടത്.

*അഭിവാദനങ്ങളോടെ,*

തിരുവനന്തപുരം
04-09-2013

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി



*എല്ലാ ജീവനക്കാർക്കും KSFE SA (CITU) ന്റെ ഓണാശംസകൾ*